No. DCTSR/6562/19-C3

കളക്ടറേറ്റ്, തൃശ്ശൂർ
അയ്യന്തോൾ പി.ഒ, തൃശ്ശൂർ – 680 003
Phone (0487) 2433453, 2433450
Fax:(0487)2362210, 2360626
E-mail: tsrcoll.ker@nic.in
Date: 24/09/2019

F1
21/8/14

ജില്ലാ കളക്ടർ
തൃശ്ശൂർ.

ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ
തൃശ്ശൂർ.

സർ,

വിഷയം : നാഷണൽ ന്യൂട്രീഷൻ മിഷൻ - പോഷൺ അഭിയാൻ - സമ്പുഷ്ട കേരളം പദ്ധതി -പോഷൺ മാ ആചരിക്കുന്നത് സംബന്ധിച്ച്;

സൂചന :- വനിത ശിശുവികസന ഡയറക്ടറുടെ 03.09.2019 ലെ WCD/NNM 2/207061/19 നമ്പർ ഡി.ഒ ലെറ്റർ

വനിതകൾ, കൗമാരപ്രായക്കാർ, ശിശുക്കൾ എന്നിവരിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനു വേണ്ടി "സമ്പുഷ്ട കേരളം പദ്ധതി" ആവിഷ്കരിച്ചു നടപ്പിലാക്കുകയാണ്. വിവിധ വകുപ്പുകളുടെ പൂർണ്ണമായ പങ്കാളിത്തത്തോടെയുള്ള ഈ പദ്ധതി നടപ്പിലാക്കുന്നത് അങ്കണവാടികളിലൂടേയാണ്. കേന്ദ്ര വനിത ശിശു വികസന മന്ത്രാലയത്തിന്റെ ധനസഹായത്തോടെയുള്ള ന്യൂട്രീഷൻ മിഷൻ അഥവാ പോഷന് അഭിയാൻ പദ്ധതിയാണ് കേരളത്തിൽ **സമ്പുഷ്ടകേരളം** എന്ന പേരിൽ നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി 2019 സെപ്തംബർ 17 മുതൽ ഒക്ടോബർ 16 വരെ POSHAN MAAH ആചരിക്കുന്നതിന് നിർദ്ദേശമുണ്ട്. മേൽ സന്ദേശം ഉൾക്കൊള്ളുന്ന ഒരു എക്സിബിഷൻ വാഹനം POSHAN EXPRESS എന്ന പേരിൽ 26/09/19, 27/09/19 എന്നീ തിയ്യതികളിൽ തൃശ്ശൂർ ജില്ലയിൽ പര്യടനം നടത്തുന്നതിനായി എത്തുന്നുണ്ട്.

മേൽ ദിവസം പരിസരത്തുള്ള സ്കൂളുകളിലെ കുട്ടികൾക്ക് ഈ എക്സിബിഷൻ കാണുന്നതിന് സൗകര്യം ഒരുക്കേണ്ടതും താങ്കളുടെ കീഴ്കാര്യാലയങ്ങൾക്ക് ആവശ്യം വേണ്ട നിർദ്ദേശങ്ങൾ നൽകി സമ്പുഷ്ട കേരളം പദ്ധതി വിജയപ്രദമാക്കുന്നതിനും സഹകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,

ഉള്ളടക്കം

പോഷൺ എക്സ്പ്രസ് സ്വീകരണ സ്ഥലങ്ങൾ

COLLECTORATE
Date ....
THRISSUR

DISTRICT COLLECTOR
THRISSUR

## പോഷൺ എക്സ്പ്രസ് സ്വീകരണ സ്ഥലങ്ങൾ

26.09.2019

1. ചാലക്കുടി - മുനിസിപ്പൽ ടൗൺഹാൾ - 9.30 AM
2. കൊടകര - അളഗപ്പ നഗർ കമ്മ്യൂണിറ്റി ഹാൾ, ആമ്പല്ലൂർ ജംഗ്ഷൻ - 12.30 PM
3. തൃശ്ശൂർ - തേക്കിൻകാട് മൈതാനം - തെക്കേ ഗോപുരനട - 3.30 PM

27.09.2019

4. നാട്ടിക - എസ്.എൻ.ഹാൾ - 10.00 AM
5. ചാവക്കാട് - ബസ് സ്റ്റാന്റ് പരിസരം - 12 Noon
6. കുന്നംകുളം - ടാക്സി സ്റ്റാന്റ് മുൻവശം 2.30 pm

[illegible] നം. സി1/17288/19 തി: 26/9/2019

കേന്ദ്ര വനിത ശിശു വികസന മന്ത്രാലയത്തിന്റെ ധനസഹായത്തോടെയുള്ള ന്യൂട്രീഷൻ മിഷൻ അഥവാ പോഷൻ അഭിയാൻ പദ്ധതിയാണ് കേരളത്തിൽ സമ്പുഷ്ട കേരളം എന്ന പേരിൽ നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി മേൽ സന്ദേശം ഉൾക്കൊള്ളുന്ന ഒരു മൊബൈൽ പ്രദർശനം POSHAN EXPRESS എന്ന പേരിൽ 26/9/2019, 27/9/2019 എന്നി തിയതികളിൽ തൃശ്ശൂർ ജില്ലയിൽ പര്യടനം നടത്തുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. മേൽ ദിവസങ്ങളിൽ പരിസരത്തുള്ള സ്കൂളുകളിലെ കുട്ടികൾക്ക് ഈ മൊബൈൽ പ്രദർശനം കാണുന്നതിന് സൗകര്യം ഒരുക്കേണ്ടതും എല്ലാ പ്രധാനാദ്ധ്യാപകർക്കും കർശന നിർദ്ദേശം നൽകേണ്ടതുമാണ്. ബഹു: ജില്ലാ കളക്ടറുടെ ഉത്തരവ് പാലിക്കേണ്ടതാണ്.

26/9/19

Deputy Director (Education)
THRISSUR

OFFICE OF THE DEPUTY DIRECTOR OF EDUCATION ★ THRISSUR - 3 ★

സ്വീകർത്താവ്,

എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.